
വനങ്ങൾ നമ്മുടെ ഭാവി തലമുറയുടെ സ്വത്താണ്.
നാം അതിന്റെ സംരക്ഷകർ മാത്രവും.

ഇന്നത്തെ പരിസ്ഥിതി സംരക്ഷണമെന്നാൽ
വരും തലമുറയുടെ സംരക്ഷണം...





## ബൊമ്മിയാംപടി പാക്കേജ്

### കോട്ടേജ് നിരക്കുകൾ

**അന്നപൂർണ്ണ & വസുധ**

| | |
|---|---|
| 2 സന്ദർശകർ | : 7500/- |
| കൂടുതലായി വരുന്ന ഓരോ സന്ദർശകർക്കും | : 2000/- |
| 10 വയസ്സിൽ താഴെയുള്ള കുട്ടികൾ | : ഭക്ഷണത്തിന്റെ ചിലവ് |

**വസുധാര**

| | |
|---|---|
| 2 സന്ദർശകർ | : 7500/- |

**ധാത്രി**

| | |
|---|---|
| 5 സന്ദർശകർ | : 16000/- |

### പ്രോഗ്രാം

| | |
|---|---|
| 12 :00 | : ചെക്ക് ഇൻ |
| 1:25 PM | : ബൊമ്മിയാംപടിയിലേക്ക് |
| 1:30 PM | : ഉച്ചഭക്ഷണം |
| 3:30 PM | : ചായ |
| 4:00 PM | : ഗ്രാമക്കാഴ്ചകളിലേക്ക് |
| 8:00 PM | : അത്താഴം |
| | ശുഭരാത്രി |
| 7:30 AM | : പ്രഭാതഭക്ഷണം |
| 8:15 AM | : സൈരന്ധ്രിയാത്ര |
| 1:30 PM | : ചെക്ക് ഔട്ട് |

സൈലന്റ് വാലിയിൽ എത്തിച്ചേരുവാൻ :
പാലക്കാട് : 53 കി.മീ. കോയമ്പത്തൂർ : 62 കി.മീ.

പുകവലി, മദ്യപാനം, പ്ലാസ്റ്റിക് മാലിന്യങ്ങൾ എന്നിവ കർശനമായി നിരോധിച്ചിരിക്കുന്നു.

# ബൊമ്മിയാംപടി

കാറ്റിന്റെ മലമുഴക്കം കേട്ട്... മല്ലീശ്വരൻമുടിയുടെ ചെരുവിൽ...




**ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസി**
സൈലന്റ് വാലി നാഷണൽ പാർക്ക്
മണ്ണാർക്കാട് പി.ഒ, പാലക്കാട് - 678582
ഫോൺ : 8589895652, 9645586629
ഇ-മെയിൽ : mail@silentvalley.gov.in



## ബൊമ്മിയാംപടി : സൈലന്റ് വാലിക്ക് ഒരു ചുവടകലെ...

മലഞ്ചെരിവിലൂടെ ചാഞ്ഞും ചെരിഞ്ഞും പറന്നിറങ്ങുന്ന മയിൽക്കൂട്ടങ്ങൾ. കൗതുകത്തോടെയും കുസൃതിയോടെയും കുതറിപ്പായുന്ന ഇണമാനുകൾ. ഇടയ്ക്കിടെ മഴക്കാടിന്റെ ഹരിതാഭ വിട്ടിറങ്ങുന്ന ആനക്കൂട്ടങ്ങൾ. കടും ചുവപ്പു നിറത്തിൽ പൂത്തുലഞ്ഞു നിൽക്കുന്ന ഇലവു മരങ്ങൾ, അകലെ മല്ലീശ്വരൻ മുടിയുടെ തലയെടുപ്പ്. ശുദ്ധവായുവും ശാന്തമായ പ്രകൃതിയും... ഇവയെല്ലാം ഒന്നു ചേർന്നതാണ് ബൊമ്മിയാംപടി. ഒരിക്കൽ ഇവിടെ വന്നു പോയാൽ, എന്നും നമ്മെ വിളിക്കുന്ന ഊഷ്മളമായൊരു ഗൃഹാതുരതയായി ഈ ദേശം മാറും. തിരിച്ചറിവിന്റെ മണ്ണാണ് ബൊമ്മിയാംപടി. ഒരിക്കൽ മുറിവേൽക്കുകയും കാലാന്തരത്തിൽ ഉയിർത്തെഴുന്നേൽക്കുകയും ചെയ്ത പ്രകൃതിയുടെ വലിയൊരു ഓർമ്മപ്പെടുത്തൽ. അധിനിവേശത്തിന്റെ മുറിവേറ്റ് മൃതമായ മണ്ണിലുടനീളം അതിജീവന ശ്രമങ്ങളുടെ കരുത്തിൽ ഒരായിരം വിത്തുകൾ മുളച്ചുപൊന്തി. അനേകം ചെറുസസ്യങ്ങൾ ഭൂമിയിൽ നിന്നും ആകാശം തേടിയിറങ്ങി. ക്രമേണ ഇവിടം സ്വാഭാവികമായൊരു കാടായി മാറി. തൊട്ടുപിന്നാലെ മാനും മ്ലാവും കാട്ടുപക്ഷികളും വിരുന്നെത്തി. **'കൃഷ്ണവനം'** എന്നറിയപ്പെടുന്ന ഈ പച്ചത്തുരുത്തും ബൊമ്മിയാംപടിയിലാണ്. ഇവിടെയെത്തിയാൽ നമുക്ക് കാടിനെയും കാട്ടുമൃഗങ്ങളെയും കാണാം. പ്രകൃതിയെപ്പറ്റിയുള്ള പുതിയ അറിവുകൾ നേടാം. നഗരത്തിരക്കിൽ നഷ്ടമായ ഊർജ്ജമത്രയും തിരിച്ചു പിടിക്കാം. മനസ്സിലും ശരീരത്തിലും നിറയുന്ന പുതിയൊരു ഉണർവ്വുമായി ഒടുവിൽ കാടിറങ്ങാം...

